## വീട്ടുവളപ്പിലെ പക്ഷികൾ



സി. റഹിം

"പുതുതായുണ്ടായ പാരിസ്ഥിതികാവബോധത്തിന്റെ ഫലമായി, തോക്കുപേക്ഷിച്ച് പകരം ബൈനോക്കുലേഴ്സ് കൈയിലെടുത്ത പക്ഷിനിരീക്ഷകരുടെ ചെറിയ സംഘങ്ങൾ ഇപ്പോൾ കേരളത്തിലവിടവിടെയുണ്ട്. സലിം അലിയെയും ഇന്ദുചൂഡനെയും മാതൃകയാക്കുന്നവർ. ഈ ഗോത്രത്തിൽ പെടുന്നയാളല്ല റഹിം എന്നാണ് പുസ്തകം വായിച്ചപ്പോൾ തോന്നിയത്. ശിശുസഹജമായ ഒരു കൗതുകത്തോടെ, സന്ദർഭം കിട്ടുമ്പോഴൊക്കെ പക്ഷികളെയും നോക്കുന്ന ഒരാളെയാണ് നാം ഈ പുസ്തകത്തിൽ കാണുന്നത്. എന്നും പറമ്പിൽ പശുക്കളോടൊപ്പം മേയാനെത്തുന്ന തൂവെള്ള ദേഹമുള്ള കാലിക്കൊക്കിന്റെ തലയിലും നെഞ്ചിലും മുതുകിലും സ്വർണ്ണത്തൂവലുകൾ മുളച്ചുവന്നിരിക്കുന്ന വിവരം കണ്ടുപിടിക്കുന്ന കൊച്ചുപെങ്ങളുടെ ആഹ്ലാദം ഈ രചനകളിൽ തങ്ങിനില്ക്കുന്നതു കാണാം."

- പി.കെ. ഉത്തമൻ

dcb ഡി സി ബുക്സ്

പഠനം

ISBN 81-264-0259-8

9 788126 402595 00005

₹75.00

സി. റഹിം • വീട്ടുവളപ്പിലെ പക്ഷികൾ

ഡി സി ബുക്സ്

# വീട്ടുവളപ്പിലെ പക്ഷികൾ

## സി. റഹിം



598.2 RAH/V
BKS
CASMTVK
5 6 7

dcb

സി. റഹിമിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*നോവൽ*

തൈക്കാവിലെ ഉറുമ്പുകൾ

*പഠനം*

വീട്ടുവളപ്പിലെ പക്ഷികൾ

*ബാലസാഹിത്യം*

കുട്ടികളും കിളികളും

സി. റഹിം

# വീട്ടുവളപ്പിലെ പക്ഷികൾ

ഡി സി ബുക്സ്

## മുഖക്കുറിപ്പ്

പക്ഷിനോട്ടത്തിന് ഏറെയവസരം ലഭിച്ച വർഷങ്ങളിലൊന്നാണിത്. ഇന്ത്യയിലെ പ്രശസ്ത പക്ഷിസങ്കേതമായ ഭരത്പൂരിലെ Keoladeo Ghana-യെ സ്പർശിക്കാനവസരം ലഭിച്ചു. ഹിമാലയത്തിന്റെ ഫുട്സ്റ്റെപ്പുകളിൽ കുറെ സഞ്ചരിച്ചു. അവിടത്തെ ഭൂപ്രകൃതിയെയും പക്ഷികളെയും നിരീക്ഷിച്ചു. ഹരിദ്വാർ, ഋഷികേശ്, നൈനിറ്റാൾ, മസൂരി, കസൗനി എന്നിവിടങ്ങളിലൊക്കെ സഞ്ചരിച്ചു. പേരറിയാവുന്നതും അറിയാത്തതുമായ ധാരാളം പക്ഷികളെയും മറ്റു സസ്യജന്തുജാലങ്ങളെയും കണ്ടു. ഡൽഹിയിലെ ചെങ്കോട്ടയിലെ പുൽപ്പടർപ്പിൽ ഉപ്പുപ്പൻ രാജപ്രൗഢിയോടെ എന്തൊക്കെയോ കൊത്തിപ്പെറുക്കുന്നത് ഏറെനേരം നോക്കിയിരുന്നു. ഉത്തരേന്ത്യൻ യാത്ര സന്തോഷകരമായൊരനുഭവമായിരുന്നു. എന്നാൽ പക്ഷികളെ സൂക്ഷ്മമായി നിരീക്ഷിക്കുകയും അവയോടൊപ്പം ഏറെ സമയം ചെലവഴിക്കുകയും ചെയ്യാനുള്ള അവസരം ലഭിച്ചത് കൈരളി റ്റി.വി.ക്കുവേണ്ടി 'കിളിവാതിൽ' എന്ന പേരിൽ ഒരു പരിപാടി അവതരിപ്പിക്കാമെന്നേറ്റതോടെയാണ്. പക്ഷികളുടെ ജീവിതം വേണ്ടത്ര അടുത്തറിയാൻ മലയാളികൾക്കായിട്ടില്ല. പ്രത്യേകിച്ചും കുട്ടികൾക്ക്. ആ കുറവു പരിഹരിക്കാൻ എന്നെക്കൊണ്ടാകുന്നതെന്തെങ്കിലും ചെയ്യണമെന്ന മോഹമാണ് പക്ഷികളുടെ ജീവിതം ഷൂട്ടുചെയ്യാൻ പ്രേരിപ്പിച്ചത്. കുട്ടനാട്ടിൽ മൂന്നു ദിവസം ഒരു ഹൗസ്ബോട്ടിൽ സഞ്ചരിച്ച് പക്ഷികളെ പകർത്തി. തൂക്കണാംകുരുവികളുടെ കൂടുനെയ്ത്തൽ തുടക്കം മുതൽ തന്നെ നോക്കിക്കണ്ടു. നൂറനാടിനു സമീപം കറ്റാനത്തെ ഒരു സ്വകാര്യ ആശുപത്രിവളപ്പിൽ കൂടൊരുക്കിയിരുന്ന പെരുംകൊക്കുകളെ ഏറെ ദിവസങ്ങൾ നിരീക്ഷിച്ചു. അവയുടെ പ്രണയം, കൂടൊരുക്കൽ, കുഞ്ഞുങ്ങളെ തീറ്റൽ തുടങ്ങിയ കാര്യങ്ങളൊക്കെ തുടർച്ചയായി നോക്കിക്കണ്ടു. സന്തോഷകരമായ അനുഭവങ്ങളാണിതൊക്കെ.

**സി. റഹിം**

## ഉള്ളടക്കം


മണ്ണാത്തിപ്പുള്ള് 19
ഉപ്പൻ 21
ഓലേഞ്ഞാലി 23
തിത്തിരിപ്പക്ഷി 25
മൈനകൾ 27
ചിലപ്പൻകിളികൾ 29
കാക്കകൾ 32
കാലിക്കൊക്ക് 35
പാതിരാക്കൊക്ക് 38
മഞ്ഞക്കിളികൾ 40
നാട്ടുമരംകൊത്തി 42
മൂങ്ങകളും നത്തുകളും 44
നാട്ടുകുയിൽ 46
തൂക്കണാംകുരുവികൾ 49
മഴക്കൊച്ച 52
പനങ്കാക്ക 54
കുളക്കൊക്ക് 56
ചിന്നക്കുട്ടുറുവൻ 58
അമ്പലപ്രാവുകൾ 60
തേൻകിളികൾ 63
കൃഷ്ണപ്പരുന്ത് 65
പൊന്മാൻ 67

നാകമോഹൻ 69
ചേരക്കോഴി 71
തത്തകൾ 73
എരണ്ടകൾ 76
കത്രികപ്പക്ഷികൾ 78
മലമുഴക്കിവേഴാമ്പൽ 81
കുളക്കോഴി 84
ആനറാഞ്ചിപ്പക്ഷി 86
വാനമ്പാടി 88
വാലുകുലുക്കിപ്പക്ഷികൾ 90
വേലിത്തത്ത 92
ബുൾബുൾ 94
ഉപ്പൂപ്പൻ 96
ചെറിയ നീർക്കാക്ക 99
പച്ചിലക്കിളി 101
തുന്നാരൻ 103
അങ്ങാടിക്കുരുവി 105
പവിഴക്കാലി 107
കാവി 109
വയൽക്കണ്ണൻ 111
അസുരത്താൻ 113
തീച്ചിന്നൻ 115
പ്രാപ്പിടിയൻ 117

# 1
# മണ്ണാത്തിപ്പുള്ള്

ഇന്നു ഞാൻ ഉറക്കമുണർന്നത് മണ്ണാത്തിപ്പുള്ളിൻെറ ശബ്ദം കേട്ടുകൊണ്ടാണ്. പടിഞ്ഞാറെ മുറ്റത്തു നില്ക്കുന്ന ചാമ്പമരത്തിൻെറ കൊമ്പിലിരുന്ന് അതു പാടുകയായിരുന്നു. അവയുടെ പ്രണയകാലമായ മാർച്ച്-ഏപ്രിൽ മാസങ്ങളിൽ പാടുന്നതുപോലെ ശബ്ദം അത്ര ഭംഗിയുള്ളതും നീണ്ടുനില്ക്കുന്നതുമല്ലെന്നുമാത്രം.

മണ്ണാത്തിപ്പുള്ളുകളെ കണ്ടിട്ടില്ലാത്തവരായി ആരുംതന്നെയുണ്ടാവുമെന്നു തോന്നുന്നില്ല. അഥവാ ആരെങ്കിലും ഇതിനെ ശ്രദ്ധിക്കാത്തവരായി ഉണ്ടെന്നു വന്നാൽപോലും അവർ ഇതിൻെറ ശബ്ദമെങ്കിലും കേട്ടിരിക്കും. അത്രമാത്രം സാധാരണമായി നമ്മുടെ വീട്ടുവളപ്പിൽ ചുറ്റിപ്പറ്റി കഴിയുന്ന ഒരു പക്ഷിയാണിത്.

വെളുപ്പും കറുപ്പും നിറങ്ങളുടെ ഒരു വശ്യസൗന്ദര്യമുണ്ടവയ്ക്ക്. 'മണ്ണാത്തിപ്പുള്ളി'ൻെറ പേര് നിങ്ങൾ ശ്രദ്ധിച്ചുവോ. 'മണ്ണാത്തി' എന്നു പറഞ്ഞാൽ അലക്കു തൊഴിലാക്കിയ ഒരു ജാതിക്കാരാണ്. ഈ ചെറിയ പക്ഷിയെ മണ്ണാത്തിപ്പുള്ള് എന്ന് എന്തിനാണ് വിളിക്കുന്നത്. നിങ്ങൾ എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ. ഈ പക്ഷികൾക്ക് അലക്കുമായി എന്തു ബന്ധം. വളരെ സൂക്ഷ്മമായി നിങ്ങളിതിനെ ഒന്നു ശ്രദ്ധിച്ചു നോക്കിയേ. വാല് കൂടെക്കൂടെ ഈ പക്ഷികൾ പൊക്കുകയും താഴ്ത്തുകയും ചെയ്യുന്നതു കണ്ടോ. മണ്ണാത്തികൾ മുണ്ട് കല്ലിൽ ഉയർത്തി അടിക്കുന്നതുപോലെ.

ഇതു ശ്രദ്ധിച്ചിട്ടാവണം പഴമക്കാർ ഇതിനെ മണ്ണാത്തിപ്പുള്ളെന്നു വിളിച്ചത്. മറ്റൊരു തരത്തിലും ഇതേക്കുറിച്ചു പറഞ്ഞുകേട്ടിട്ടുണ്ട്. മണ്ണാത്തികൾ വെയിലത്തുനിന്ന് മുണ്ടലക്കുന്ന തൊഴിൽ ചെയ്യുന്നവരായതുകൊണ്ട് സാധാരണ കറുത്ത നിറമുള്ളവരാണ്. എന്നാൽ തൊഴിൽ അലക്ക് ആയതുകൊണ്ടുകൂടിയാവണം അവർ എപ്പോഴും നല്ല അലക്കിത്തേച്ച മുണ്ടും രണ്ടാംമുണ്ടുമൊക്കെ ധരിച്ചേ പുറത്തിറങ്ങൂ. നമ്മുടെ മണ്ണാത്തിപ്പുള്ളുകളെപ്പോലെ ഒരു കറുപ്പിൻെറയും വെളുപ്പിൻെറയും അഴക് അവർക്കുമുണ്ട്. ഇതു ശ്രദ്ധിച്ചിട്ടുകൂടിയാണത്രെ ഈ പക്ഷികൾക്ക് മണ്ണാത്തിപ്പുള്ളുകളെന്ന് പേരു നല്കിയത്. മണ്ണാത്തിപ്പുള്ളിനെ ചില പ്രദേശങ്ങളിൽ വണ്ണാത്തിക്കിളി, മണ്ണാത്തിപ്പീച്ചി, മണ്ണാത്തിക്കിളി എന്നൊക്കെ പേരുചൊല്ലി വിളിക്കാറുണ്ട്. മണ്ണാത്തിപ്പുള്ള് സാധാരണയായി സ്വീ...സ്വീ...സ്വീ... എന്ന ശബ്ദമാണുണ്ടാക്കുക. സന്ധ്യയ്ക്കു ചേക്കയിരിക്കുന്ന സമയത്ത് ശ്ശ്ശ്...ശ്ശ്ശ് എന്നും